**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6282** **17-03-2023 - ൽ മറുപടിയ്ക്ക്**

**ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള നിയമ ഭേദഗതി ജനങ്ങൾ എത്രത്തോളം പ്രയോജനപ്പെടുത്തിയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള 1958ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30(1) ന ചുവടെ പ്രൊവൈസോ കൂട്ടിച്ചേർത്തും, 1960ലെ കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 6(2) ന ചുവടെ പ്രൊവൈസോ കൂട്ടിച്ചേർത്തും ചട്ടഭേദഗതി 2016-ൽ കൊണ്ടു വരികയും ആയത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പിൽ നിന്നും നൽകുകയും ചെയ്തുവെങ്കിലും ഈ സൗകര്യം നടപ്പിലാക്കിയത് സംബന്ധിച്ച് പത്രപ്പരസ്യങ്ങളോ മറ്റ് പ്രചാരണ പരിപാടികളോ നല്കിയിരുന്നില്ല. ഇത് കാരണം ഈ സൗകര്യം പൊതു ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരണം നേടാത്തതിനാൽ സ്വയം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ താരതമ്യേന കുറവാണ്. |
| (ബി) | സംസ്ഥാനത്ത് മുൻ വർഷം നടത്തിയ രജിസ്ട്രേഷൻ പ്രവർത്തനങ്ങളിൽ എത്ര ശതമാനം ആളുകൾ സ്വയം തയ്യാറാക്കിയ ആധാരം ഉപയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 2022 വർഷത്തിൽ ആകെ രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ 0.15 ശതമാനം ആധാരങ്ങൾ സ്വയം തയ്യാറാക്കിയവയായിരുന്നു. |
| (സി) | സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്ക അകറ്റാൻ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ? | (സി) | 1. സ്വയം ആധാരം തയ്യാറാക്കുന്നതിനായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 19 ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>2. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>3. സ്വയം ആധാരം തയ്യാറാക്കുന്ന സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ആധാരങ്ങളോടൊപ്പം ഹാജരാക്കേണ്ട |

| | | | |
|---|---|---|---|
| | | | ഫയലിംഗ് ഷീറ്റുകളുടെ വലിപ്പം A3 സൈസിൽ നിന്നും A4 സൈസിലേയ്ക്ക് കുറച്ചിരുന്നു. ഇതിലൂടെ ആധാരത്തോടൊപ്പം ഫയൽ ചെയ്യേണ്ട ഫയലിംഗ് ഷീറ്റ് A4 പ്രിന്ററിൽ അനായാസം പ്രിന്റ് ചെയ്യാവുന്നതാണ്.<br>4. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് പോർട്ടലിലൂടെ പൊതു ജനങ്ങൾക്കും ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ടോക്കൺ എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.<br>5. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാരകക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ ഉപദേശങ്ങൾ നൽകുന്നതിനും, ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ചു നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>6. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള സംശയ ദുരീകരണത്തിനായി 8547344357 എന്ന മൊബൈൽ നമ്പറിൽ ഹെൽപ്പ് ഡെസ്ക് സേവനവും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ